**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1036** **09-10-2024 - ൽ മറുപടിയ്ക്ക്**

**ജലജീവൻ മിഷൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. എം. മണി,<br>ശ്രീ വി കെ പ്രശാന്ത്,<br>ശ്രീ. കെ. ജെ. മാക്സി,<br>ശ്രീ. എ. പ്രഭാകരൻ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് എല്ലാവർക്കും ശുദ്ധമായ കുടിവെള്ളം ഉറപ്പുവരുത്തുന്നതിനായി നടന്നുവരുന്ന ജലജീവൻ മിഷൻ പദ്ധതി ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ; | (എ) | സംസ്ഥാനത്ത് ഗ്രാമീണ മേഖലയിലെ എല്ലാ വീടുകളിലും കുടിവെള്ള കണക്ഷനുകൾ നൽകി കുടിവെള്ള ലഭ്യത ഉറപ്പുവരുത്തുന്നതിനായി കേന്ദ്ര സംസ്ഥാന സർക്കാരുകൾ സംയുക്തമായി നടപ്പിലാക്കിവരുന്ന പദ്ധതിയാണ് ജലജീവൻ മിഷൻ. സംസ്ഥാനത്ത് 2020-ൽ ആരംഭിച്ച പദ്ധതിയിൽ ഉൾപ്പെടുത്തി 54.45 ലക്ഷം കുടിവെള്ള കണക്ഷനുകൾ നൽകുന്നതിനായി 44714.79 കോടി രൂപയുടെ പ്രവർത്തികൾക്കാണ് അനുമതി ലഭ്യമായിട്ടുള്ളത്. സംസ്ഥാനത്ത് ജീവൻ മിഷൻ പദ്ധതി ആരംഭിക്കുന്ന സമയത്ത് 17.5 ലക്ഷം വീടുകളിലാണ് കുടിവെള്ള കണക്ഷനുകൾ ലഭ്യമായിരുന്നത്. ജലജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി 01.10.2024 വരെ സംസ്ഥാനത്ത് 20.39 ലക്ഷം കണക്ഷനുകൾ അധികമായി നൽകിയിട്ടുണ്ട്. ഇതുൾപ്പെടെ സംസ്ഥാനത്ത് നിലവിൽ ഗ്രാമീണ മേഖലയിൽ ആകെ 37.88 ലക്ഷം വീടുകളിൽ കുടിവെള്ള കണക്ഷനുകൾ ലഭ്യമാണ്. ഇത് ആകെ ഗ്രാമീണ വീടുകളുടെ 54.25% വരും. ബാക്കിയുള്ള വീടുകളിൽ കൂടി കണക്ഷനുകൾ നൽകുന്ന പ്രവർത്തികൾ പുരോഗമിച്ചുവരുന്നു. |
| (ബി) | ഓരോ ജില്ലയിലെയും ജലജീവൻ മിഷൻ പ്രവൃത്തികളുടെ വിശദാംശം ലഭ്യമാക്കാമോ; | (ബി) | ജലജീവൻ മിഷൻ പദ്ധതിയുടെ ജില്ല തിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (സി) | കേരളത്തിലെ അറുപത് ശതമാനം ജനങ്ങളും കുടിവെള്ളത്തിനായി ആശ്രയിക്കുന്ന സ്രോതസ്സെന്ന നിലക്ക് കിണറുകളുടെ സംരക്ഷണത്തിനായി ജലവിഭവ വകുപ്പ് നടത്തിവരുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ? | (സി) | സംസ്ഥാന സർക്കാരിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി 2023-24, 2024-25 എന്നീ സാമ്പത്തിക വർഷങ്ങളിലായി ജലനിധിയുടെ "ഗാർഹിക കിണറുകളെ സുരക്ഷിതവും സുസ്ഥിരവുമായ കുടിവെള്ള സ്രോതസ്സുകളാക്കി മാറ്റൽ" പദ്ധതിയ്ക്കായി 4 കോടി രൂപ വീതം ബജറ്റിൽ തുക വകയിരുത്തിയിരുന്നു. 2023-24 സാമ്പത്തിക വർഷം |

| | | | |
|---|---|---|---|
| | | | തെരഞ്ഞെടുക്കപ്പെട്ട 383 തുറന്ന കിണറുകൾ ഈ പദ്ധതിയുടെ ഭാഗമായി സംരക്ഷിച്ച് നിലനിർത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ആയതിൽ 37 കിണറുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചു. ബാക്കിയുള്ളവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു. 2024-25 സാമ്പത്തിക വർഷത്തേയ്ക്ക് പ്രസ്തുത പദ്ധതിയ്ക്കുള്ള ഭരണാനുമതിയ്ക്കായുള്ള പദ്ധതി രൂപരേഖ തയ്യാറാക്കി വരുന്നു.<br><br>ഭൂജല വിതാനം കുറഞ്ഞ മേഖലകളിൽ, ശാസ്ത്രീയമായ പഠനങ്ങൾ നടത്തി പ്രദേശത്തിന് അനുയോജ്യമായ രീതിയിൽ റീചാർജ് പദ്ധതികൾക്കുള്ള പ്രൊപ്പോസലുകൾ തയ്യാറാക്കുകയും അപ്രകാരം മേൽക്കൂര വഴിയുള്ള മഴവെള്ള കൊയ്ത്തിലൂടെ തുറന്ന കിണർ/ മഴക്കുഴികൾ/കുഴൽ കിണർ എന്നിവയിലൂടെ യുള്ള ഭൂജല സംപോഷണം, ചെറിയ തടയണയുടെ നിർമാണം , ചെറിയ കുളങ്ങളുടെ നവീകരണം തുടങ്ങിയ പ്രവൃത്തികൾ ഭൂജലവകുപ്പ് നടപ്പിലാക്കി വരികയും ചെയ്യുന്നു. നടപ്പ സാമ്പത്തിക വർഷം 6 കോടി രൂപ പ്രസ്തുത പദ്ധതിയിൽ വകയിരുത്തിയിട്ടുണ്ട്. മുഴുവൻ തുകക്കുമുള്ള 181 പദ്ധതികൾക്ക് സാങ്കേതികാനുമതി നൽകിയിട്ടുണ്ട്. 82 പദ്ധതികൾ ജില്ലകളിൽ പൂർത്തീകരിച്ചു. ബാക്കി പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു.<br><br>ഭൂജല നിയന്ത്രണവും ക്രമീകരണവും പ്ലാൻ പദ്ധതിയിൽ ഉൾപ്പെടുത്തി ഭൂജല സംരക്ഷണം, സംപോഷണം എന്നി തലങ്ങളിൽ ജനങ്ങൾക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിനായി ബോധവൽകരണ സെമിനാറുകൾ ഭൂജല വകുപ്പ് നൽകി വരുന്നു. പ്രസ്തുത സെമിനാറുകളിൽ ഭൂജല സംപോഷണത്തിന്റെയും സംരക്ഷണത്തിന്റെയും പ്രാധാന്യത്തെക്കുറിച്ചും ജല മലിനീകരണം, ജല ദുരുപയോഗം എന്നിവ തടയുന്നതു സംബന്ധിച്ചും വിശദമായ ക്ലാസുകൾ പൊതുജനങ്ങൾക്കായി വകുപ്പ് നൽകിയിട്ടുണ്ട്. ഒരു ജില്ലയിൽ 5 എന്ന കണക്കിൽ സംസ്ഥാനത്തൊട്ടാകെ 70 ബോധവൽകരണ സെമിനാറുകൾ ഒരു വർഷം വകുപ്പ് നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| **ജില്ല** | **ഭരണാനുമതി ലഭിച്ച കണക്ഷനുകൾ** | **ഭരണാനുമതി തുക (കോടിയിൽ)** | **വരെ നൽകിയ കണക്ഷനുകൾ** |
|---|---|---|---|
| തിരുവനന്തപുരം | 524194 | 3051.11 | 276120 |
| കൊല്ലം | 446930 | 2405.57 | 293743 |
| പത്തനംതിട്ട | 273171 | 2947.95 | 89765 |
| കോട്ടയം | 373493 | 4132.06 | 112774 |
| ആലപ്പുഴ | 378352 | 1667.98 | 166278 |
| ഇടുക്കി | 241261 | 2820.67 | 38542 |
| എറണാകുളം | 346467 | 2716.91 | 148515 |
| തൃശ്ശൂർ | 438834 | 4012.36 | 127863 |
| പാലക്കാട് | 497280 | 3576.75 | 225912 |
| മലപ്പുറം | 652951 | 5987.09 | 215069 |
| കോഴിക്കോട് | 526159 | 4508.95 | 114494 |
| വയനാട് | 148944 | 1294.76 | 27393 |
| കണ്ണൂർ | 376986 | 3535.52 | 162569 |
| കാസർഗോഡ് | 220320 | 2057.12 | 39616 |
| **ആകെ** | **5445342** | **44714.8** | **2038653** |

**സെക്ഷൻ ഓഫീസർ**